നം.കെഎസ്എ-കെടിഎം.പി-5/78/2019 തീയതി : 19.02.2019

# കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-06-2017മുതൽ 24-12-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-06-2017 മുതൽ 31.3.18 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 07.01.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു.എസ്,ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.12.2018 മുതൽ 07.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ (ഹ.ഗ്രേ) |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ഷൈനി കുന്നിനിയിൽ | 1.04.2017 മുതൽ 31.03.2018 വരെ. |
| സെക്രട്ടറി | ശ്രീ.എച്ച്.മുഹമ്മദ് സലിം | 1.04.2017 മുതൽ 12.6.17 വരെ.<br>17.07.17 മുതൽ 31.03.2018 വരെ |
| | ശ്രീമതി.നിമ്മി ജേക്കബ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 13.6.17 മുതൽ16.07.17 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സ്നേഹലത മാത്യു | 01.04.2017 മുതൽ 31.03.2018 വരെ. |
| വെറ്ററിനറി സർജൻ | ഡോ.പ്രേമ സ്റ്റെല്ലാ ഭായി | 01.04.2017മുതൽ 31.05.2017 വരെ |
| | ഡോ.സുജ.എം.ചാക്കോ | 01.6.17 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ജാസ്മിൻ എച്ച്.എം | 01.04.2017മുതൽ 20.06.17 വരെ. |
| | ശ്രീമതി സുജ വി.ജി. | 21.06.2017മുതൽ 31.03.18 വരെ. |

| | | |
|---|---|---|
| വി.ഇ.ഒ | ഉണ്ണീഷ്.സി.പി<br>രഘു.എം.ഡി<br>സജിത്ത്.കെ.ഇബ്രാഹിം | 01.04.2017മുതൽ 21.07.2017 വരെ.<br>22.07.2017 മുതൽ 31.03.2018 വരെ.<br>22.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ. വിദ്യ.എൽ<br>ഡോ.അരവിന്ദ് ജോഷി | 01.04.2017മുതൽ18.02.2018 വരെ<br>19.02.2018മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദ. | ഡോ.ബേനസീർ.കെ.ഐ. | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ദീപ്തി.വി.<br>ശ്രീമതി.രാജേശ്വരി.ആർ | 01.04.2017 മുതൽ 31.12.2017 വരെ<br>01.01.2018 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ എൽ.എസ്.ജി.ഡി | ശ്രീ.അജയകുമാർ പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ശ്രീമതി.ബീന.പി.എസ്<br>ശ്രീ.വിജയകുമാർ.എം.ജി | 01.04.2017 മുതൽ 09.11.17 വരെ<br>06.12.17 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീമതി നിമ്മി ജേക്കബ് | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |

| | |
|---|---|
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വസ്തുനികുതി – അവലോകനം |
| 2-2 | തൊഴിൽ നികുതീ ഡിമാന്റ് ചെയ്യുന്നില്ല/ഈടാക്കുന്നില്ല |
| 2-3 | കെട്ടിടനിർമ്മാണാനുമതി – അപാകതകൾ |
| 2-4 | ഡി & ഒ ട്രേഡ് ലൈസൻസ് – അപാകതകൾ |
| 2-5 | ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക – അപാകതകൾ |
| 2-6 | ടെണ്ടർ ഫീസ് പഞ്ചായത്തിനു ലഭ്യമായില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | എട്ട് കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് യാത്രപ്പടി നൽകിയത് – നിയമവിരുദ്ധം |
| 3-2 | ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവൃത്തി – ഓവർഹെഡ് ചാർജിനത്തിൽ അധികം തുക നൽകി |
| 3-3 | വയോജനക്ലബിന് ഫർണിച്ചർ – പ്രോജക്ട് നിർവ്വഹണത്തിൽ അപകത |
| 3-4 | വാട്ടർ കിയോസ്കുകൾ -നാളിതുവരെ പ്രവർത്തനക്ഷമമായില്ല |
| 3-5 | കേരളോത്സവം – മുൻകൂർതുകയുടെ ക്രമവത്ക്കരണവിവരം ലഭ്യമല്ല |
| 3-6 | കന്നുകുട്ടി പരിപാലനം – വിനിയോഗവിവരം ലഭ്യമാക്കണം |
| 3-7 | പൊതുടാപ്പുകളുടെ വെള്ളക്കരം – സംയുക്തപരിശോധന നടത്തിയിട്ടില്ല |
| 3-8 | ആശ്രയ പദ്ധതി – രണ്ട് ഘട്ടങ്ങളുടെയും ബാക്കി തുക നിൽക്കുന്നത് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |

| | |
|---|---|
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 05-03-2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 17149192 | 5279126 |
| വരവ് | 82218000 | 53035763 |
| ആകെ | 99367192 | 58314889 |
| ചെലവ് | 86604807 | 51406413 |
| നീക്കിയിരിപ്പ് | 12762385 | 6908476 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയ്യാറാക്കിയതെന്ന് വ്യക്തമാകുന്നു. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷിക ധനകാര്യപത്രിക 04.06.2018ൽ ഓഡിറ്റിനായി ഹാജരാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 13/06/2018-14.6.18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 25-6-18 ലെ കെ.എസ്.എ.കെ.ടി.എം .പി.5/1108/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 5279126 |
| വരവ് | 53035763 |
| ആകെ | 58314889 |
| ചെലവ് | 51406413 |
| നീക്കിയിരിപ്പ് | 6908476 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10290000 | 10290000 | 9771915 | 518085 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6195214 | 6195214 | 5470295 | 724919 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 377846 | 377846 | 368963 | 8883 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9478000 | 9478000 | 8762427 | 715573 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2591000 | 2591000 | 2537000 | 54000 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10847576 | 10847576 | 4677133 | 6170443 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1067597 | 1067597 | 1062406 | 5191 |
| MGNREGS | 2407 | 7746440 | 7748847 | 7745909 | 2938 |
| ബി ഫണ്ട് | 0 | 13200 | 13200 | 13200 | 0 |

## 1-6 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ് (എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 3/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് . തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ/23.3.17 ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു. പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ്കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 50460163 | 156 | 35127867 | 4 | 37 | 79 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 37 എണ്ണവും നടപ്പാക്കാത്തത് പദ്ധതി നിർവ്വഹണത്തിൽ സ്ഥാപനത്തിന്റെ ശ്രദ്ധക്കുറവില്ലായ്മയുടെ തെളിവാണ്. വാർഡടിസ്ഥാനത്തിൽ തുക വീതംവച്ച് നിരവധി പ്രോജക്ടുകളാണ് തയ്യാറാക്കിയത്. ദീർഘവീക്ഷണമോ മതിയായ ഉൾക്കാഴ്ചയോ പ്രോജക്ടുകളുടെ രൂപീകരണത്തിലുണ്ടായില്ല. പുതുമയുള്ളതോ, പ്രത്യേക പരാമർശം അർഹിക്കുന്ന പ്രോജക്ടുകളോ നടപ്പാക്കിയിട്ടില്ല. അസി.എൻജിനീയർ നടപ്പിലാക്കിയ ബഹുഭൂരിപക്ഷം പ്രോജക്ടുകളും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 9 | 9 | 400337 | 395331 | വികസനകാര്യം. |
| 2 | വെറ്ററിനറി സർജൻ | 9 | 9 | 7375000 | 3031250 | വികസനകാര്യം |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 6 | 6 | 880000 | 879918 | ആരോഗ്യ-വിദ്യാഭ്യാസം |
| 4 | മെഡി.ഓഫീസർ, ആയുർവേദം. | 2 | 2 | 615000 | 615000 | വികസനകാര്യം |
| 5 | വി.ഇ.ഒ. | 3 | 3 | 2400000 | 2250000 | വികസനകാര്യം, ക്ഷേമകാര്യം. |
| | വി.ഇ.ഒ. | 6 | 4 | 1000000 | 645000 | |
| 6 | ഐ.സി.ഡി.എസ് | 8 | 6 | 3779300 | 2829374 | ക്ഷേമകാര്യം. |

| | | | | | | |
|---|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | | |
| 7 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1656667 | 1656667 | വികസനകാര്യം. |
| 8 | സെക്രട്ടറി | 36 | 23 | 8631571 | 3911585 | വികസനകാര്യം, ധനകാര്യം, ആരോഗ്യ-വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 9 | അസി.എൻജിനീയർ | 105 | 82 | 20814436 | 16255862 | വികസനകാര്യം |
| 10 | അസി.സെക്രട്ടറി | 7 | 6 | 2225540 | 2050540 | ക്ഷേമകാര്യം |
| 11 | എച്ച് .എം | 5 | 5 | 682312 | 607340 | ആരോഗ്യ വിദ്യാഭ്യാസം. |
| ആകെ | | 197 | 156 | 50460163 | 35127867 | |

സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളായ ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നം.8/18, പഞ്ചായത്താപ്പീസിലെ വി.പി.എൻ. കണക്ഷന് തുക ഒടുക്കൽ നം.10/18, കേരളോത്സവം നം.11/18 എന്നിവ പ്രകാരമുള്ള 266000/-, 19045/-, 48250/- വീതം രൂപയുടെ തനതുഫണ്ട് ചെലവുകൾ സുലേഖ സോഫ്റ്റവെയർ പ്രകാരമുള്ള കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷികപദ്ധതി പ്രോജക്ടുകളിൽ സ്ഥിരമായി നടപ്പിലാക്കുന്നവയല്ലാതെ വ്യത്യസ്തമായ പ്രോജക്ടുകളോ, മാതൃകാ പ്രോജക്ടുകളായി കണക്കാക്കപ്പെടാവുന്നതോ ആയ പ്രവൃത്തികളൊന്നും തന്നെ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടില്ല.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച , സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും വാർഷിക പദ്ധതികൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2407 | 776518 | 778925 | 775987 | 2938 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | - | 6969922 | 6969922 | 6969922 | - |
| ആകെ | 2407 | 7746440 | 7748847 | 7745909 | 2938 |

തദ്ദേശസ്വയംഭരണവകുപ്പിന്റെ 03.12.2016ലെ 187/2016-ാം നമ്പർ ഉത്തരവ് പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയുടെ ഭരണച്ചെലവ് ഒരു വർഷത്തെ ആകെ ചെലവിന്റെ 4% ൽ അധികരിക്കാൻ പാടില്ല. 4%ൽ കൂടുതൽ തുക വേതനം നൽകുന്ന പഞ്ചായത്തുകളിൽ മിഷൻ ഡയറക്ടർ വാർഷികവിലയിരുത്തൽ നടത്തി തസ്തിക എണ്ണത്തിൽ ക്രമീകരണം വരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വെള്ളാവൂർ പഞ്ചായത്തിൽ ഭരണച്ചെലവ് 4% അധികരിച്ചിട്ടുള്ളത് മിഷൻ ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമായിട്ടില്ല.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ | ചെലവഴിച്ച |
|---|---|---|

| | എണ്ണം | തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 22 | 13200 |
| കർഷകതൊഴിലാളി പെൻഷൻ | 116 | 1408500 |
| വിധവാപെൻഷൻ | 518 | 6040200 |
| വാർദ്ധക്യകാലപെൻഷൻ | 1306 | 17266800 |
| വികലാംഗപെൻഷൻ | 188 | 2054300 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 20 | 247000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.12.18ന് 4.40. പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17892/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യാവലി അടിസ്ഥാനമാക്കി വെള്ളാവൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ പാളിച്ചകളുള്ളതായി പരിശോധനയിൽ കാണപ്പെട്ടു.

പൊതുവായ നിയന്ത്രണം

ആപൽ സാധ്യതകളെ വിലയിരുത്തി ഉചിതമായ പരിഹാരനിയന്ത്രണങ്ങൾ വരുത്തുന്നതിൽ വേണ്ടത്ര കരുതലുകൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

സ്ഥാപനത്തിന് ലിഖിതമായ അക്കൗണ്ടിംഗ് രീതികൾ നിലവിലുണ്ട്.

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ചിട്ടുണ്ട്. ബജറ്റിലൂടെ സ്ഥാപനത്തിന്റെ വരവുചെലവുകളെ മോണിട്ടർ ചെയ്യുന്നു.

ധനകാര്യ രേഖകളും പത്രികകളും സ്ഥാപനത്തിന്റെ ഇടപാടുകളെയും പ്രവർത്തനത്തെയും പ്രതിഫലിപ്പിക്കുന്നുണ്ട്.

അക്കൗണ്ടിംഗ് സിസ്റ്റം

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു.

വരവ്-ചെലവുകളെ സ്രോതസ്സ്/ഗ്രാന്റ്/പ്രോജക്ട് അടിസ്ഥാനത്തിൽ വർഗ്ഗീകരിക്കുന്നതിന് ഇതിൽ സാധ്യമാണ്.

വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തുന്നുണ്ട്.

കാഷ് ബാങ്ക് അക്കൗണ്ടുകളിൻമേലുള്ള നിയന്ത്രണങ്ങൾ

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസാന്ത്യവും ബാങ്ക് ബുക്കുമായി പൊരുത്തപ്പെടുത്തുന്നുണ്ട്.

കളക്ഷൻ തുകകൾ കൃത്യസമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി.കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ ആഭ്യന്തര

നിയന്ത്രണസംവിധാനത്തിലെ പാളിച്ചകൾ വ്യക്തമാക്കുന്നു.

വരവിനങ്ങളുടെ ഡി സി ബി

വരവിനങ്ങളുടെയെല്ലാം ഡിമാന്റ് നിർണ്ണയിക്കുകയും ആയവ ഡിമാന്റ് രജസിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് എന്നിവ സംബന്ധിച്ച പരിശോധനകളിൽ ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ട വലിയതുകകൾ പഞ്ചായത്തിന്റെ അനാസ്ഥയും കാര്യക്ഷമതയില്ലായ്മയും മൂലം ഡിമാന്റ് ചെയ്യപ്പെടാതെ നഷ്ടപ്പെട്ടിട്ടുള്ളതായി കാണപ്പെട്ടു. റിപ്പോർട്ട് ഭാഗം 2ലെ വിവിധ ഖണ്ഡികകൾ ഇത് സാക്ഷ്യപ്പെടുത്തുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ, പഞ്ചായത്ത് ഭരണസമിതിയോ ഇത് സംബന്ധിച്ച് വേണ്ടത്ര ശ്രദ്ധ നാളിതുവരെ ചെലുത്തിയിട്ടില്ല.

നികുതി നികുതിയേതര വരുമാനങ്ങളുടെ മേലുള്ള നിയന്ത്രണം

നികുതി നികുതിയേതര വരവുകൾ കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജാഗ്രത പുലർത്തിയിട്ടില്ല.

സാധനങ്ങളുടെയും സേവനങ്ങളുടെ സമാഹരണത്തിലുള്ള നിയന്ത്രണം

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(പി)നം.259/2010/ത.സ്വ.ഭ.വ, 08.11.2010), കേരള സ്റ്റോർ പർച്ചേസ് മാനുവൽ എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് സാധനങ്ങളും സേവനങ്ങളും സമാഹരിച്ചിട്ടുള്ളത്. വാങ്ങലുകളുടെ വൗച്ചറുകളും ബില്ലുകളും കൃത്യമായി ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങൾ കൃത്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ഉന്നതഉദ്യോഗസ്ഥർ സ്റ്റോക്ക് കൃത്യമായി പരിശോധന നടത്തി ആധികാരികമാക്കിയിട്ടില്ല. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവഹണത്തിൽ ശരിയായ മോണിട്ടറിംഗും ഉണ്ടായിട്ടില്ല. ഉദ്യോഗസ്ഥ ഭരണസമിതി സംവിധാനങ്ങളിൽ മതിയായ ഏകോപനം ഉണ്ടാകുന്നില്ലയെന്നാണ് ആഭ്യന്തരനിയന്ത്രണം സംബന്ധിച്ച പരിശോധനയിൽ വ്യക്തമാകുന്നത്. ഇത് പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.12.18 | 1/11/2018-30/11/2018 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.3.16-17.3.16 | 2010-11 മുതൽ 2014-15 വരെ. | LBA (HQ) 11/8A-2411/03 dt.18.4.16 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(എം.എസ്.)നം.152/2011/തസ്വഭവ തീയതി 26.07.11 പ്രകാരം ആസ്തികൾ അക്കൗണ്ട് ചെയ്തിട്ടില്ല. ആസ്തി രജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

2.വാർഷിക കണക്കുകൾക്കൊപ്പം അടിസ്ഥാന അനുപാതങ്ങൾ, നോട്ട്സ് ഓൺ അക്കൗണ്ട് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

3.B.11 ഷെഡ്യൂൾ പ്രകാരമുള്ള എല്ലാ ആസ്തികൾക്കും മൂല്യശോഷണം തയ്യാറാക്കി I-17(a) പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.തൻവർഷ കുടിശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ ഉൾപ്പെടുത്തി I 16 പത്രിക തയ്യാറാക്കിയിട്ടില്ല.

5.വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ തുകകൾ സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6.തനത് ഫണ്ട് അക്കൗണ്ടിന്റെ 31.03.2018 ലെ നീക്കിയിരിപ്പ് പ്രകാരം കാലഹരണപ്പെട്ട ചെക്കുകൾ ഉണ്ട്. ആയത് Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

7.ഡി ആന്റ് ഒ ലൈസൻസ് ഫീസിന്റെ ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

8.ബി 7 ഷെഡ്യൂളിൽ ഡെപ്പോസിറ്റായി കാണിച്ചിരിക്കുന്ന തുകകൾ രജിസ്റ്ററിലെ തുകകകളുമായി പൊരുത്തപ്പെടുന്നില്ല.

9.ബാലൻസ് ഷീറ്റിൽ സ്റ്റേറ്റ് ഗവ.സെസ്സ്/ലെവീസ് ഇൻ പ്രോപ്പർട്ടി ടാക്സ് കൺട്രോൾ അക്കൗണ്ട് (431910101) എന്ന ഹെഡിൽ കാണിച്ചിട്ടുള്ള തുക വസ്തുനികുതി കുടിശികയുടെ അഞ്ച് ശതമാനം ആയിരിക്കേണ്ടതാണ്. എന്നാൽ ടിയിനത്തിലെ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

10.എം.ജി.എൻ.ആർ.ഇ.ജി.എസ് ആകെ വരവ് 77,33,239.95 രൂപയാണ്. എന്നാൽ വാർഷികകണക്കുകൾ (I -6) പ്രകാരംആകെ വരവ് 77,43,502/- രൂപയാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി - അവലോകനം

(എ)നികുതി ചട്ടപ്രകാരം പുനർനിർണ്ണയിച്ചില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ പ്രകാരം 14.01.2011 തീയതി മുതൽ നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച നികുതിയാണ് ചുമത്തേണ്ടിയിരുന്നത്. എന്നാൽ, സഞ്ചയ ഫോറം 6 പരിശോധിച്ചതിൽ, 14.01.2011ന് ശേഷം വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് പരിഷ്കരിച്ച നിരക്കിൽ പുനർനിർണ്ണയിക്കേണ്ടിയിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല എന്ന് കാണുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം/ തറവിസ്തീർണ്ണം | നിർണ്ണയിച്ച നികുതി/തീയതി | നിലവിലെ നികുതി | റിമാർക്സ് |
|---|---|---|---|---|---|
| 1/322A | സംഗീത ജോസ്, ഞവരൂർ | വാണിജ്യം/ 64.6ച.മീ | 2012-13ആദ്യ അർദ്ധ വർഷം | 606 (303x2) | വാർഷികവാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചു; 100%വർദ്ധനവ് നൽകി പുനർ-നിർണ്ണയിച്ചു |
| 1/322B | സംഗീത ജോസ്, ഞവരൂർ | വാണിജ്യം/ 28ച.മീ | 2012-13ആദ്യ അർദ്ധ വർഷം | 606 (303x2) | വാർഷിക വാടകമൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചു; 100%വർദ്ധനവ് നൽകി പുനർ-നിർണ്ണയിച്ചു |

ഇത് സംബന്ധിച്ച് 04.02.2019ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമായിട്ടില്ല. 2011 ലെ വസ്തുനികുതി ചട്ടങ്ങൾക്കനുസൃതമായി മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(ബി)ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല

ഡി&ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

(i) ഡി&ഒ ക്രമനം.5 പ്രകാരം ഡോ.രഞ്ജിത്, തേന്മാക്കൽ ആയുർവേദ ഔഷധ നിർമ്മാണ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടമായി രേഖപ്പെടുത്തിയിട്ടുള്ള IX/23 നമ്പർ കെട്ടിടം ആശുപത്രികളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. അതുപോലെ, ക്രമ നം.6 പ്രകാരം ആയുർവേദ ഔഷധങ്ങൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമുള്ള ലൈസൻസിനായി ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടമായി രേഖപ്പെടുത്തിയിട്ടുള്ള 6/572 നമ്പർ കെട്ടിടവും ആശുപത്രികളുടെ ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽപ്പരാമർശിച്ച രീതിയിൽ

10HP യുടെ മെഷിനറി പ്രവർത്തിക്കുന്ന 165 ച.മീ തറ വിസ്തീർണ്ണമുള്ള ഒരു ആയുർവേദ ഔഷധ നിർമ്മാണശാലയും ഔഷധങ്ങൾ സംഭരിച്ച് വില്പന നടത്തുന്നതിനുപയോഗിക്കുന്ന കെട്ടിടവും പൊതുവെ നികുതി നിരക്ക് കുറഞ്ഞ ആശുപത്രികളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് 04.01.2019ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമായിട്ടില്ല.

(ii) 6/601 മുതൽ 6/611 വരെയുള്ള ലോഡ്ജ് മുറികൾക്ക് ലൈസൻസിനായി ക്രമ നം.233 പ്രകാരം ശ്രീ. തോമസ് കെ.ജെ., കുലിപ്പറമ്പിൽ എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ കെട്ടിടങ്ങൾ ശ്രീ. തോമസ്കുട്ടി, കളങ്ങരമുറിയിൽ എന്നയാളുടെ പേരിലുള്ളതാണ്. ഈ നമ്പറിലുള്ള കെട്ടിടങ്ങളുടെ/മുറികളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ 6/601 മുതൽ 6/603 വരെയുള്ള മുറികൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിലും മറ്റുള്ളവ പാർപ്പിടാവശ്യത്തിനുള്ള (ഹോസ്റ്റലുകൾ(ലോഡ്ജുകൾ ഒഴികെ)/വീടുകൾ/അപ്പാർട്ട്മെന്റുകൾ) എന്നീ ഗണങ്ങളിലും ഉൾപ്പെടുന്നതായി കാണുന്നു. ലോഡ്ജുകളുടെ ഗണത്തിൽ നികുതി നിർണ്ണയിക്കേണ്ട കെട്ടിടങ്ങളെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്നുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമായിട്ടില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കേണ്ടതാണ്.

(സി) കുറഞ്ഞനിരക്കിൽ നികുതി നിർണ്ണയിച്ചു

ശ്രീ.ജോസിക്കുട്ടി, പറയരുതോട്ടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 166ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള VIII/2 നം.കെട്ടിടം 100 ച.മീ ൽ താഴെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഗണത്തിൽപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്.

അപാകത സംബന്ധിച്ച് 04.01.2019ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6) മറുപടി ലഭ്യമായിട്ടില്ല. ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(ഡി) സ്ഥലപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

7.1.2019 ൽ ഗ്രാമപഞ്ചായത്ത് സ്റ്റാഫുമായി ചേർന്ന് വസ്തുനികുതിയുമായി ബന്ധപ്പെട്ട സ്ഥലപരിശോധനയിൽ ഗുരുതരമായ അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ശ്രീമതി ഷെറീനോ ഫ്രാൻസിസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/517 നം.കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. ടി കെട്ടിടത്തിൽ ജോയിസ് ജോർജ്, പുത്തൻപറമ്പിൽ എന്ന വ്യക്തി ക്യൂൻസ് ബ്യൂട്ടി പാർലർ എന്ന സ്ഥാപനം നടത്തിവരുന്നു. അതുപോലെ, ടിയാളുടെ തന്നെ ഉടമസ്ഥതയിലുള്ള 6/517 നം.കെട്ടിടം പാരഡൈസ് കേറ്ററിംഗ് & ഹയറിംഗ് എന്ന സ്ഥാപനം വർഷങ്ങളായി ഉപയോഗിച്ചു വരുന്നതാണ്. എന്നാൽ, ഈ നമ്പരിൽ ഒരു കെട്ടിടം സഞ്ചയയിൽ നിലവിലില്ല .

ഡി&ഒ ലൈസൻസ് അപാകതകളിൽ പറഞ്ഞിട്ടുള്ള പ്രകാരവും മേൽപ്പരാമർശിച്ചതുപോലെയും വാണിജ്യം/ഇതര ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്ന കെട്ടിടങ്ങൾ വസ്തുനികുതി ഡിമാന്റിൽ ഉൾപ്പെടുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. കൂടാതെ വസ്തുനികുതിയിനത്തിൽ വലിയ കുടിശ്ശിക നിലനിൽക്കുന്നതായി വാർഷിക കണക്കുകൾ വ്യക്തമാക്കുന്നു. കുടിശിക ഈടാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല/ഈടാക്കുന്നില്ല

(എ) സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ, വെള്ളാവൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി (ജീവനക്കാരുടെ/സ്ഥാപന) ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല .

1. വെള്ളാവൂർ അഗ്രി.ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മണിമല

2. നെടുംപറമ്പിൽ ക്രെഡിറ്റ് സിൻഡിക്കേറ്റ്, മണിമല

3. ഭാരത് ബാങ്കേഴ്സ്, മണിമല

4. ഗ്ലോബൽ ഫിനാൻസിയേഴ്സ്, മണിമല

5. മുളമൂട്ടിൽ ഫിനാൻസിയേഴ്സ്, മണിമല

6. അക്ഷയ ഫിനാൻസിയേഴ്സ്, മണിമല

7. മറ്റത്തിൽ ഫിനാൻസിയേഴ്സ്, മണിമല

മേൽപ്പറഞ്ഞതുൾപ്പെടെ, അക്ഷയ കേന്ദ്രങ്ങൾ, കള്ള്ഷാപ്പുകൾ, റേഷൻകടകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(ബി) തൊഴിൽനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 2017-18 വർഷം രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി ഇനം |
|---|---|---|
| 1 | മാവേലി സ്റ്റോർ, വെള്ളാവൂർ | സ്ഥാപന തൊഴിൽനികുതി |
| 2 | മാവേലി സ്റ്റോർ, മണിമല | സ്ഥാപന തൊഴിൽനികുതി |
| 3 | ബി.എസ്.എൻ.എൽ , മണിമല | സ്ഥാപന തൊഴിൽനികുതി |
| 4 | പടിയറ പബ്ലിക് സ്കൂൾ, മണിമല | സ്ഥാപന തൊഴിൽ നികുതി & ജീവനക്കാരുടെ തൊഴിൽ നികുതി |
| 5 | APJ അബ്ദുൾകലാം മെമ്മോറിയൽ സ്കൂൾ ഓഫ് ഫാർമസ്യൂട്ടിക്കൽസ്, മണിമല | സ്ഥാപന തൊഴിൽ നികുതി & ജീവനക്കാരുടെ തൊഴിൽ നികുതി |

തൊഴിൽനികുതി അടവാക്കുന്നത് സംബന്ധിച്ച് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ആയത് ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിനു (നം.3) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതിയിനത്തിലുള്ള കുടിശ്ശിക ₹40,380/- ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 കെട്ടിടനിർമ്മാണാനുമതി-അപാകതകൾ

(എ) കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിലെ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം. സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.06.2007ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദ്ദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നതെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് മിക്കവാറും എല്ലാ അപേക്ഷകളുടെ കാര്യത്തിലും രേഖപ്പെടുത്തിയിട്ടുള്ളത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ,

നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, നിർമ്മാണപൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫയലുകളും നമ്പറിംഗ് ഫയലുകളും പ്രത്യേകം പ്രത്യേകമായാണ് പരിപാലിച്ചിട്ടുള്ളത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ബി) ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടനിർമ്മാണാനുമതി നൽകി

വെള്ളാവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 28 റീസർവ്വേ നം.126/1ൽ പെട്ട സ്ഥലത്ത് 142.47ച.മീ തറവിസ്തീർണ്ണമുള്ള ഒരു റബ്ബർ പ്രോസസിംഗ് യൂണിറ്റിനായുള്ള കെട്ടിടത്തിന്റെ നിർമ്മാണാനുമതിയ്ക്കു വേണ്ടി കർഷകമിത്രം, ഏനാത്ത് വടകര എന്ന സ്ഥാപനത്തിനു വേണ്ടി ശ്രീമതി റജീന നാസർ 17.10.2017ൽ അപേക്ഷ സമർപ്പിച്ചിരുന്നു. 'G1' ഉപയോഗക്രമത്തിനുള്ള കെട്ടിടമാകയാൽ, 2011 ലെ കേ.പ.രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 59(IIa) പ്രകാരം അഗ്നിശമനസേനാ വകുപ്പിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും NOC ലഭിക്കേണ്ടതുണ്ടെന്ന് സെക്ഷൻ ക്ലാർക്ക്, എൽ.എസ്.ജി.ഡി ഓവർസിയർ, ജൂനിയർ സൂപ്രണ്ട് എന്നിവർ ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ടെങ്കിലും പെർമിറ്റ് നൽകുന്നതിന് സെക്രട്ടറി ഉത്തരവ് നൽകുകയും അതിൻപ്രകാരം 28.11.2017 ൽ എ5/4330/2017 നമ്പരായി പെർമിറ്റ് നൽകുകയും ചെയ്തിട്ടുള്ളത് ക്രമപ്രകാരമല്ല. പെർമിറ്റ് അനുവദിക്കുന്നതിനു മുൻപായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മുൻകൂർ അനുമതികൾ എല്ലാം ലഭ്യമാക്കിയെന്ന് ഉറപ്പാക്കേണ്ടതാണെന്ന് 02.12.2015 ലെ സർക്കുലർ ഖണ്ഡിക 12 ലും നിർദ്ദേശിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിന് മുൻപായി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും വിവിധ സർക്കാർ ഉത്തരവുകളിലെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 2-4 ഡി & ഒ ട്രേഡ് ലൈസൻസ്-അപാകതകൾ

(എ) തൻവർഷം ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിലാണ് .

| രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 12 | 7/13C | വി എം ചാക്കോ,വാളിപ്ലാക്കൽ | തയ്യൽ കട |
| 57 | 6/190 | ലിജു റ്റി നായർ,മഞ്ചികപ്പള്ളിൽ | വർക് ഷോപ്പ് |
| 189 | 7/190 | ക്രിസ്റ്റ്യൻ ജോസഫ്,താന്നിക്കൽ | കേറ്ററിംഗ് സർവ്വീസ് |

മേൽപ്പറഞ്ഞതിൽ 7/190 നം.കെട്ടിടത്തിന്റെ കൈവശഗണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട് എന്നും മറ്റുള്ളവയുടെ കൈവശഗണം മാറ്റുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.5) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

(ബി) ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ 'സഞ്ചയ'യിൽ പരിശോധിച്ചതിൽ 'Building not found' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 14 | 8/21 B | കൃഷ്ണപിള്ള,ചവരംപ്ലാക്കൽ | പലചരക്ക് & സ്റ്റേഷനറി |
| 24 | 6/605 A | പ്രദീപ്കുമാർ പി. ആർ.,പുന്നമൂട്ടിൽ | സ്റ്റേഷനറി, ഔഷധങ്ങൾ |

ഇല്ലാത്ത കെട്ടിടങ്ങളുടെ പേരിൽ ലൈസൻസുകൾ നൽകിയിട്ടുള്ളത് തികച്ചും ക്രമവിരുദ്ധമാണ്.

(സി) VII/388A നം.കെട്ടിടത്തിൽ സിമന്റ് കട്ടിള, ജനൽ, ഫെറോസ്ലാബ് നിർമ്മാണ സ്ഥാപനത്തിന് ഡി&ഒ ലൈസൻസിനായി (ഡി&ഒ രജിസ്റ്റർ ക്രമ നം.51) ശ്രീ. ബിനു കെ. ശെൽവരാജ്, പാറവിള, മണിമല സമർപ്പിച്ച അപേക്ഷയിൽ കെട്ടിട ഉടമയുടെ പേര് രാജം, പാറവിള, മണിമല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാളുടെ പേരിലുള്ള ഒരു സമ്മതപത്രം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ, രേഖകൾ പ്രകാരം പ്രസ്തുത കെട്ടിടം ശ്രീ.തോമസ് ജോൺ എന്നയാളുടെ പേരിലുള്ളതാണ്. ഒരു വ്യാജരേഖയായ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് ലൈസൻസ് നൽകിയിട്ടുള്ളത് തികച്ചും നിരുത്തരവാദപരമായ നടപടിയാണ്. ഈ രീതിയിൽ അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന് ക്രമ നം. 69, 70 തുടങ്ങി വേറെയും ഉദാഹരണങ്ങൾ

ഉണ്ട്. അപേക്ഷകളിലും ക്ലാർക്കിന്റെ റിപ്പോർട്ടിലുമുള്ള കെട്ടിട നമ്പറും കെട്ടിട ഉടമ സമർപ്പിച്ചിട്ടുള്ള സമ്മതപത്രത്തിലുള്ള കെട്ടിട നമ്പറും മുൻവർഷ ലൈസൻസിന്റെ പകർപ്പിലുള്ള കെട്ടിട നമ്പറും എല്ലാം പരസ്പര വിരുദ്ധമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു.

(ഡി) "സഞ്ചയ" യിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 769 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 49 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 0 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 14 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 22 |
| 7 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 45 |
| 8 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 70 |
| 9 | മൈക്രോ,സ്മോൾ ആന്റ് മീഡിയം എ.ഡെ.ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 04 |
| | ആകെ | 973 |

മേൽപരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 973 കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 230 എണ്ണം മാത്രമാണ്. മേൽപ്പറഞ്ഞതിൽ നിന്നും വളരെയധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്.

ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ വ്യാപാര/വ്യവസായങ്ങളുടെ വിവരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ൽ പ്രതിപാദിക്കുന്നുണ്ട്. പട്ടിക1 പ്രകാരം റേഷൻകടകളും അബ്കാരി/കള്ള് ഷാപ്പുകളും ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻകടകളും കള്ള് ഷാപ്പുകളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അതനുസരിച്ച് ഒരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ഇനത്തിൽ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കുടിശ്ശിക, തൻവർഷ ബാലൻസ് തുകകൾ യഥാക്രമം ₹ 19530/-, ₹ 21767/- ആണ്. എന്നാൽ, വാടക രജിസ്റ്റർ പ്രകാരം, മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സിലെ 5-ാം നമ്പർ മുറിയുടെ 2016-17ലെയും 2017-18 ലെയും വാടക മാത്രമാണ് യഥാർത്ഥത്തിൽ പിരിഞ്ഞുകിട്ടാനുള്ളത്. ഇവ യഥാക്രമം ₹16200/-, ₹17820/- ആണ്. 2016-17വർഷം, പ്രസ്തുത മുറിയുടെ കൈവശക്കാരനായ ശ്രീ.സുരേന്ദ്രൻ എസ്., മാടപ്പള്ളി എന്ന വ്യക്തിയ്ക്ക് തൻവർഷത്തെ കുടിശ്ശിക തുക ഒടുക്കാതെ തന്നെ 2017-18ലും വാടകയ്ക്ക് നൽകിയത് ക്രമപ്രകാരമല്ല. ടിയാനിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. 2018-19 വർഷം വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കുടിശ്ശിക യഥാർത്ഥ കുടിശ്ശികയുമായി

പൊരുത്തപ്പെടുത്തി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 ടെൻഡർ ഫീസ് പഞ്ചായത്തിനു ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം, അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തിയ 103/18 നം. പ്രോജക്ടിന് (കണിയാട്ടുപാറ വൈദ്യൻപടി റോഡ് കോൺക്രീറ്റിംഗ്) ഇ-ടെൻഡർ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ടെൻഡർ ഫീസ് എക്സിക്യൂട്ടീവ എൻജിനീയറുടെ അക്കൗണ്ടിലാണ് അടവാക്കപ്പെട്ടത്. പ്രസ്തുത പ്രവൃത്തിക്കായി 3 ടെൻഡറുകൾ ലഭിച്ചതിൽ ടെൻഡർ ഫീയിനത്തിൽ 1570/- രൂപ വീതം 4710/- രൂപ ലഭിച്ചിട്ടുണ്ട്.

നികുതിയുൾപ്പെടെ ടെൻഡർ ഫീസ് തുക പഞ്ചായത്തിന് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എട്ട് കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് യാത്രപ്പടി നല്കിയത് - നിയമവിരുദ്ധം.

കേരള സർക്കാർ ജീവനക്കാരുടെ സേവനവേതന നിയമങ്ങളിൽ യാത്രപ്പടി സംബന്ധിച്ച നിയമങ്ങളിൽ കാര്യാലയ ആസ്ഥാനത്തുനിന്ന് 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്ക് യാത്രപ്പടി അനുവദിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട് (ചട്ടം 57 &നോട്ട് 1). എന്നാൽ 2017-18 വർഷം, ഗ്രാമപഞ്ചായത്തിലെ യാത്രപ്പടി ബില്ലുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 8 കിലോമീറ്ററിനുള്ളിലെ യാത്രകൾക്കും ജീവനക്കാർക്ക് യാത്രപ്പടി അനുവദിച്ചതായി കാണുന്നു.

1) വൗച്ചർനം.21700290/29-8-17 ,11000/, സെക്രട്ടറിയുടെ 3/17 മുതൽ 6/17 വരെയുള്ള യാത്രപ്പടി.

| തീയതി | യാത്രയുടെ വിവരം. | കൈപ്പറ്റിയ യാത്രപ്പടി. | യാത്രയുടെ ദൂരം. |
|---|---|---|---|
| 8-3-17 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയി വന്നത്. | 400 | 5 കി.മീ. |
| 15-3-17 | ,, | 400 | ,, |
| 22-3-17 | ,, | 400 | ,, |
| 21-3-17 | ഇടയിരിക്കപ്പുഴ കെ.എസ്.ഇ.ബി.യിൽ ഹിയറിംഗിന് പോയിവന്ന യാത്ര. | 400 | 7 കി.മീ |
| 3-4-17 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്നത്.(ജീപ്പ് യാത്ര) | 200 | 5 കി.മീ. |
| 7-4-17 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്നത്.(ബസ് യാത്ര) | 400 | ,, |
| 25-4-17 | ,, | 400 | ,, |
| | ആകെ | 2600 | |

2) വൗച്ചർനം.21700291/29-8-17,54420/ സ്ഥിരം ജീവനക്കാരുടെ 2/17 മുതൽ 6/17 വരെയുള്ള യാത്രപ്പടി.

നിമ്മി ജേക്കബ്,അസിസ്റ്റന്റ് സെക്രട്ടറി.

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|

| | | | |
|---|---|---|---|
| 15-5-17 | പ്രതിമാസമീറ്റിംഗിന് വാഴൂർ ബ്ലോക്ക് ഓഫീസിൽ പോയിവന്നത്. | 320 | 5 കി.മീ. |

സീന പി.ആർ.,ജൂനിയർ സൂപ്രണ്ട്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 22-5-17 | മഴക്കാല ശുചീകരണം സംബന്ധിച്ച മീറ്റിംഗിന്<br>വാഴൂർ ബ്ലോക്കിൽ പോയിവന്ന യാത്ര. | 320 | 5 കി.മീ. |

അമ്പിളി എം.ആർ., ക്ലർക്ക്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 6-6-17 | കെ.എസ്.ഇ.ബി. ഇടയിരിക്കപ്പുഴയിൽ കറന്റ് ബിൽ അടയ്ക്കാൻ പോയിവന്നത്. | 250 | 7 കി.മീ |

ശ്രീനാഥ് കെ.എസ്., ക്ലർക്ക്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 17-6-17 | കെ.എസ്.ഇ.ബി, ഇടയിരിക്കപ്പുഴയിൽ കറന്റ് ബിൽ അടക്കാൻ പോയിവന്നത്. | 250 | 7 കി.മീ |

3)വൗച്ചർനം.21700459/20-11-17,7600/,സെക്രട്ടറിയുടെ 7/17 മുതൽ10/17 വരെയുള്ള യാത്രപ്പടി

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 21-7-17 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്നത്. | 400 | 5 കി.മീ. |
| 16-8-17 | ,, | 400 | ,, |
| 25-10-17 | ,, | 400 | ,, |
| ആകെ | | 1200 | |

4)വൗച്ചർ നം.21700460/20-11-17 , 39901/- സ്ഥിരം ജീവനക്കാരുടെ 7/17 മുതൽ 10/17 വരെയുള്ള യാത്രപ്പടി

സീന പി.ആർ., ജൂനിയർ സൂപ്രണ്ട്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|

| | | | |
|---|---|---|---|
| 11-7-17 | പദ്ധതി സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്ന യാത്ര. | 320 | 5 കി.മീ. |

ഗിരീഷ് ഗോപിനാഥ്, സീനിയർ ക്ലർക്ക്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 28-7-17 | മാലിന്യസംസ്കരണം സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്ന യാത്ര. | 250 | 5 കി.മീ |

അമ്പിളി.എം.ആർ,ക്ലർക്ക്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 17-7-17 | കെ.എസ്.ഇ.ബി, ഇടയിരിക്കപ്പുഴയിൽ കറന്റ് ബിൽ അടയ്ക്കാൻ പോയിവന്നത്. | 250 | 7 കി.മീ |

നിമ്മി ജേക്കബ്,അസി.സെക്രട്ടറി.

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 5-8-17 | ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നഴ്സറി സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്നത്. | 320 | 5 കി.മീ. |
| 25-8-17 | ഹരിതകേരളം മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്ന യാത്ര. | 320 | ,, |
| ആകെ | | 640 | |

ഗിരീഷ് ഗോപിനാഥ്,സീനിയർ ക്ലർക്ക്

| | | കൈപ്പറ്റിയ യാത്രപ്പടി | യാത്രയുടെ ദൂരം |
|---|---|---|---|
| 16-8-17 | ലൈഫ് ഭവനപദ്ധതി സംബന്ധിച്ച് വാഴൂർ ബ്ലോക്കിൽ പോയിവന്ന യാത്ര. | 250 | 5 കി.മീ. |
| 25-8-17 | ഹരിതകേരളം സംബന്ധിച്ച മീറ്റിംഗിന് വാഴൂർ ബ്ലോക്കിൽ പോയിവന്നത്. | 250 | ,, |
| | ആകെ | 500 | |

ഇപ്രകാരം സെക്രട്ടറി ശ്രീ.മുഹമ്മദ് സലിം 3800/- രൂപ, അസി.സെക്രട്ടറി ശ്രീമതി നിമ്മി ജേക്കബ് 960/രൂ, ജൂനിയർ സൂപ്രണ്ട് ശ്രീമതി.സീന.പി.ആർ 640/രൂ, സീനിയർ ക്ലർക്ക് ശ്രീ.ഗിരീഷ് ഗോപിനാഥ് 750/രൂ, ക്ലർക്കുമാരായ ശ്രീമതി അമ്പിളി.എം.ആർ, ശ്രീ.ശ്രീനാഥ് എന്നിവർ യഥാക്രമം 500/-, 250/- രൂപ വീതം ആകെ 6900/- രൂപ യാത്രപ്പടി ഇനത്തിൽ അനധികൃതമായി കൈപ്പറ്റിയത് ഉത്തരവാദികളായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.10) മറുപടി ലഭിച്ചില്ല.

## **3-2** <u>ഗുണഭോക്തൃസമിതി നിർവ്വഹണം നടത്തിയ പ്രവൃത്തി -ഓവർഹെഡ്</u>

## ചാർജ്ജിനത്തിൽ അധികം തുക നല്കി

ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികളിൽ 7.5% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. 1/7/17 മുതൽ ജി.എസ്.ടി നിലവിൽ വരുകയും സ.ഉ.(അച്ചടി) 87/17 ത.സ്വ.ഭ.വ 1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കിഴിവ് ചെയ്യുന്നത് ജി.എസ്.ടി കൗൺസിൽ താല്ക്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നികുതി ഇനത്തിൽ 3% തുക ( KBOCWWF -1% , ഐ.ടി -2%) കൺവീനറിൽ നിന്നും ഈടാക്കുകയും 4.5% കുറച്ചുള്ള തുക പിൻവലിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. (കൺവീനർക്ക് യഥാർത്ഥ ചെലവിന് മാത്രമേ അർഹതയുള്ളൂ. ഓവർഹെഡ് ചാർജ്ജിന് അർഹതയില്ല). എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന കൺവീനർ പ്രവൃത്തികളിൽ നിന്നും KBOCWWF ഇനത്തിൽ 1% തുക മാത്രമാണ് ഈടാക്കിയിട്ടുള്ളത്. (ഐ.ടി ഇനത്തിൽ 2% തുക ഈടാക്കിയിട്ടില്ല). ഓവർഹെഡ് ചാർജ്ജിനത്തിൽ 7.5% എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുക പിൻവലിക്കുകയും 1% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 6.5 % അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | 144/18 | 145 /18 | 146/18 |
|---|---|---|---|
| അടങ്കൽ തനത് ഫണ്ട് | 45000 | 30000 | 30000 |
| ചെലവ് | 33180 | 27087 | 28474 |
| കൺവീനർ | ബാബു ലൂക്കോസ് | K.V.ബേബി | അജേഷ് കുമാർ.M.S |
| എഗ്രിമെന്റ് നം | 59/AE/LSGD /VEGP/17-18 dt.21.10.17 | 60/AE/LSGD /VEGP/17-18 dt.21.10.17 | 58/AE/LSGD /VEGP/17-18 dt.21.10.17 |
| എം. ബുക്ക് നം. | 31 /17-18 | 29/17-18 | 30 /17-18 |
| ആകെ വേലമൂല്യം | 33180 | 27087 | 28474 |
| കുറക്കുക-KBOCWWF (1%) | 332 | 271 | 285 |
| കൺവീനർക്കു നല്കിയ തുക | 32848 | 26816 | 28189 |
| കൺവീനർക്ക് തുക കൊടുത്തതിന്റെ വിവരം | ചെക്ക് നം. 0701396/28.3.18 | ചെക്ക് നം. 0701397 /28.3.18 | ചെക്ക് നം. 0701396/28.3.18 |
| കൺവീനർക്കു നൽകേണ്ട തുക | | | |
| ആകെ വേലമൂല്യം | 33180 | 27087 | 28474 |
| എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ 6.5% കുറക്കുക | 2157 | 1761 | 1851 |
| കുറക്കുക-KBOCWWF (1%) | 332 | 271 | 285 |
| കൺവീനർക്കു നൽകേണ്ട തുക | 30691 | 25055 | 26338 |
| അധികം നൽകിയത് | 2157 | 1761 | 1851 |

ഇപ്രകാരം ഓവർഹെഡ് ചാർജ്ജിനത്തിൽ കൺവീനർമാർക്ക് അധികം തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7)മറുപടി ലഭിച്ചില്ല. അധികം നല്കിയ 5769/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 വയോജനക്ലബ്ബിന് ഫർണിച്ചർ -പ്രോജക്ട് നിർവഹണത്തിൽ അപാകത.

പ്രോജക്ട് നം. 183/18

അടങ്കൽ - 177840/-(വികസന ഫണ്ട് )

ചെലവ് - 177840/-(ബിൽ നം.9/17-18, തീ.5.3.18)

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജന ക്ലബിന് ഫർണിച്ചർ എന്ന പ്രോജക്ട് പ്രകാരം 20 കസേരകൾ വീതം 19 അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്. രണ്ട് സ്ഥാപനങ്ങൾ എസ്റ്റയർ എന്ന കമ്പനിയുടെ രണ്ട് നിരക്കുകൾ ക്വോട്ട് ചെയ്തെങ്കിലും ഗുണനിലവാരവും ആറ് വർഷ വാറന്റിയും കണക്കിലെടുത്താണ് കൂടിയ നിരക്കിലുള്ള കസേര വാങ്ങിയതെന്ന് ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സിൽ വാറന്റി സംബന്ധമായ രേഖപ്പെടുത്തലോ സ്പെസിഫിക്കേഷനോ രേഖപ്പെടുത്തിയിട്ടില്ല. വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം, വാറന്റി മുതലായവ ഉറപ്പുവരുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. വയോജനങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ ഈ പ്രോജക്ട് പ്രകാരം വാങ്ങിയ കസേരകളുടെ സംരക്ഷണം ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വാട്ടർ കിയോസ്കുകൾ- നാളിതുവരെ പ്രവർത്തനക്ഷമമായില്ല

| പ്രോജക്ട് നം. | പ്രോജക്ട് | അടങ്കൽ | പ്രോജക്ട് പ്രകാരമുള്ള ചെലവ് | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|
| 144/18 | അടാമറ്റം, വില്ലൻപാറ, ഉള്ളായം കോളനി എന്നിവിടങ്ങളിൽ വാട്ടർ കിയോസ്ക് പ്ലാറ്റ്ഫോം സ്ഥാപിക്കൽ | 45,000/- | 33,180/- | അസിസ്റ്റന്റ് എഞ്ചിനീയർ |
| 145/18 | വട്ടക്കാവ് കോളനി, വില്യാനി എന്നിവിടങ്ങളിൽ വാട്ടർകിയോസ്ക് പ്ലാറ്റ്ഫോം സ്ഥാപിക്കൽ | 30,000/- | 27,087/- | |
| 146/18 | മലമ്പാറ, ഉറുമ്പിത്തടം എന്നീ സ്ഥലങ്ങളിൽ വാട്ടർ കിയോസ്ക് പ്ലാറ്റ്ഫോം സ്ഥാപിക്കൽ | 30,000/- | 28,474/- | |

കളക്ടറുടെ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് ലഭിച്ച വാട്ടർ ടാങ്കുകൾ സ്ഥാപിക്കുന്നതിനായി 7 പ്ലാറ്റ് ഫോമുകൾ നിർമ്മിക്കുകയും ആയതിലേക്കായി 94,941/- (88741+6200) രൂപ (ചെക്ക് നം.0701396/28.3.18, 0701397/28.3.18) മേൽ പരാമർശിച്ച പ്രോജക്ടുകൾക്കായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 7 പ്ലാറ്റ് ഫോമുകൾ നിർമ്മിച്ചുവെങ്കിലും 4 ടാങ്കുകൾ മാത്രം ലഭിച്ചതിനാൽ 4 എണ്ണത്തിൽ മാത്രമേ ടാങ്കുകൾ സ്ഥാപിച്ചുള്ളൂ. കൂടാതെ ടാങ്കുകളിൽ 4 ടാപ്പുകൾ സ്ഥാപിക്കുന്നതിനായി 5000/- രൂപ (ചെക്ക് നം.101986/20.12.17)യും വാട്ടർ കിയോസ്കുകളിൽ പേരുവിവരം എഴുതുന്നതിനായി 1200/- രൂപയും (ചെക്ക് നം.398238/22.1.18 ) തനത് ഫണ്ടിൽ നിന്നും നല്കിയിട്ടുണ്ട്. എന്നാൽ ടി സംവിധാനം ഉപയോഗിച്ച് നാളിതുവരെ ജനങ്ങൾക്ക് പ്രയോജനം ലഭ്യമായിട്ടില്ല. വെള്ളം ലഭിക്കുന്നതിന് പ്രായോഗികമായി ബുദ്ധിമുട്ട് ഉള്ളതായാണ് അറിയാൻ കഴിഞ്ഞത്. 94,941/- രൂപ ചെലവഴിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചുവെങ്കിലും

നാളിതുവരെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കാതിരുന്നതു മൂലം ടി ചെലവ് പാഴ്ചെലവായി മാറിയിരിക്കുന്നു. ടി വാട്ടർ കിയോസ്കുകൾ നശിച്ചു പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ഉപയോഗ പ്രദമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 3-5 കേരളോത്സവം - മുൻകൂർതുകയുടെ ക്രമീകരണവിവരം ലഭ്യമല്ല.

കേരളോത്സവത്തിന്റെ ചെലവിലേക്ക് മുൻകൂറായി 15000/-രൂപ വൗച്ചർനം.21700323/15-9-17 ആയി ചെക്ക്നം.173030/15-9-17 പ്രകാരം ക്ലർക്ക് ശ്രീ.ശ്രീനാഥിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നല്കുകയുണ്ടായി. എന്നാൽ 14290/- രൂപയുടെ പ്രിന്റിംഗ് സംബന്ധിച്ച ബിൽ മാത്രമാണ് വൗച്ചറിനൊപ്പമുള്ളത്. 710/- രൂപയുടെ വിവരങ്ങൾ ഇല്ല. 710/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.11) മറുപടി ലഭിച്ചില്ല.

## 3-6 കന്നുകുട്ടി പരിപാലനം -വിനിയോഗവിവരം ലഭ്യമാക്കണം

| | |
|---|---|
| പ്രോജക്ട് നം. | 22/18 |
| അടങ്കൽ | വികസനഫണ്ട്- 406250<br>സംസ്ഥാനാവിഷ്കൃത ഫണ്ട് -406250<br>ഗുണഭോക്തൃവിഹിതം - 812500 |
| ചെലവ് | വികസനഫണ്ട്-406250(ബിൽ നം.2/17.10.17)<br>സംസ്ഥാനാവിഷ്കൃത ഫണ്ട് – 0<br>ഗുണഭോക്തൃവിഹിതം – 0 |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയ്ക്കായി ഒരു ഗുണഭോക്താവിന് തസ്വഭവ വിഹിതം 6,250/- രൂപ നിരക്കിൽ 65 ഗുണഭോക്താക്കൾക്കായി 4,06,250/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം പേർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണകാലാവധി കഴിയുമ്പോൾ വിനിയോഗവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-7 പൊതുടാപ്പുകളുടെ വെള്ളക്കരം -സംയുക്തപരിശോധന നടത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 52 ടാപ്പുകൾക്കായി, ടാപ്പിന് 5250/- രൂപ പ്രതിവർഷം എന്ന നിരക്കിൽ ഓരോ മാസവും 22750/- രൂപ വീതം വാട്ടർ അതോറിട്ടിയിലേക്ക് ഒടുക്കിവരുന്നു.

ഓഡിറ്റിനോടനുബന്ധിച്ച എക്സിറ്റ് മീറ്റിംഗിൽ ഇതുസംബന്ധിച്ച ചർച്ചയിൽ നിരവധി ടാപ്പുകളിൽ വെള്ളം ലഭിക്കുന്നില്ലായെന്ന് പഞ്ചായത്ത് അംഗങ്ങൾ അറിയിക്കുകയുണ്ടായി. അതായത് വെള്ളം ലഭിക്കാത്ത ടാപ്പുകൾക്കും കരം നല്കുന്നുവെന്നും ഇതുമൂലം പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുവെന്നും വ്യക്തമാകുന്നു.

വാട്ടർ അതോറിട്ടിയും, പഞ്ചായത്തും ചേർന്ന് പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ജലലഭ്യതയില്ലാത്ത ടാപ്പുകൾ കണ്ടെത്തി കരം ഒടുക്കുന്നതുകയിൽ കുറവ് വരുത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ആശ്രയ പദ്ധതി-രണ്ട് ഘട്ടങ്ങളുടെയും ബാക്കിതുക നില്ക്കുന്നത്.

ആശ്രയപദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ചലഞ്ച് ഫണ്ട്, പഞ്ചായത്ത് വാർഷികപദ്ധതിയുടെ ഭാഗമായി നല്കുന്ന വികസനഫണ്ടുൾപ്പെടെയുള്ള തുകകൾ എന്നിവ നിക്ഷേപിക്കുന്നതിന് കുടുംബശ്രീ ചെയർപേഴ്സൺ, ചാർജ് ഓഫീസർ എന്നിവരുടെ പേരിൽ മണിമല ഗ്രാമീൺബാങ്കിൽ ആരംഭിച്ച 01901 നം.അക്കൗണ്ടിൽ 14,57,537/- രൂപയും, രണ്ടാം ഘട്ട തുകകൾ നിക്ഷേപിക്കുന്നതിന് ആരംഭിച്ച 10174 നം.അക്കൗണ്ടിൽ 7,92,285/- രൂപയും 31-3-2018 ൽ ബാക്കിനിൽക്കുന്നുണ്ട്. രണ്ട് ഘട്ടങ്ങളും നിലവിൽ അവസാനിക്കുകയും മൂന്നാംഘട്ട സർവ്വെ റിപ്പോർട്ട് അംഗീകാരമാകാതെ നിലനിൽക്കുകയുമാണ്. ബാക്കിനിൽക്കുന്ന തുകകൾ മൂന്നാംഘട്ടത്തിൽ

പ്രോജക്ടുകൾക്ക് വിനിയോഗിക്കാനാണ് നിലവിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭ്യമാക്കി നിരാലംബരായ ഗുണഭോക്താക്കൾക്ക് അടിയന്തിര സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ | 28.9.2017 | 83330 | അങ്കണവാടി പോഷകാഹാര പദ്ധതി | 83300 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 28.9.2017 | 50000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്,വാഴൂർ. | 23.03.18 | 25000 | സാന്ത്വന പരിചരണം | 25000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, വാഴൂർ. | 24.82017 | 891669 | മിൽക്ക് ഇൻസെന്റീവ് | 891669 | 0 |
| | 23.3.18 | 200000 | കടയനിക്കാട് എൽ.പി.എസ്. എട്ടാം മൈൽ റോഡ് കോൺക്രീറ്റിംഗ് | 200000 | |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോ.നം 180/18, വെള്ളാവൂർ ഗ്രാ.പ.വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 390515 | 0 | 390515 |
| കെ.എസ്.ഇ.ബി | പ്രോ.നം/18718, ചവരംപ്ലാക്കൽപ്പടി മലമ്പാറ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 37130 | 0 | 37130 |
| കെ.എസ്.ഇ.ബി | പ്രോ.നം219/18, വെള്ളാവൂർ ഗ്രാ.പ.വാർഡുകളിൽ വൈദ്യുതി ലൈൻ | 7074 | 0 | 7074 |

| | | | | |
|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | |
| മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. തിരുവനന്തപുരം | പ്രോജക്ട് നം.200/18 81-ാം നമ്പർ കോത്താലപ്പടി അങ്കണവാടി നിർമ്മാണം | 29000 | 0 | 25050 |
| ,, | പ്രോജക്ട് നം.201/18 116-ാം നമ്പർ അങ്കണവാടി നിർമ്മാണം | 25000 | 0 | 25000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പ/വായ്പ തിരിച്ചടവ് ഇനങ്ങളിൽ വരവുചെലവുകളില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,87,500/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2002-03<br>2004-05 | 2-5(2),(3),(4)<br>2-5(എ),(ബി) | 1,87,500 | ടി.എസ്.അനിൽകുമാർ. | 117040900015/11.09.12017 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00<br>45,46,47 | 2002-03 | കമ്പ്യൂട്ടർ സെന്റർ പദ്ധതി | നടപടികൾ ഒന്നുംതന്നെ ആയിട്ടില്ല |

## 4-8 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,83,14,889 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,14,06,413 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 5,769 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 5,769 | അജയകുമാർ പി., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയകുമാർ പി. | അസിസ്റ്റന്റ് എഞ്ചിനീയർ, വെള്ളാവൂർ ഗ്രാമപഞ്ചായത്ത് | ത്രിവേണി വീട്, കുനയിൽ പരവൂർ പി.ഒ., കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14/3.3.04 | |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04/5.1.05 | |
| 1999-2000 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (1) /2018 /2.2.18 | 16 |
| 1999-00—01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി.4-817/03/6.4.04/14.5.04 | |
| 2000-01 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (2) /2018 /2.2.18 | 4 |
| 2001-02 | എകെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (3) /2018 /2.2.18 | 9 |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (4) /2018 /2.2.18 | 5 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. | |
| 2004-05 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (5) /2018 /2.2.18 | 2 |
| 2005-06 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (6) /2018 /2.2.18 | 2 |
| 2007-08 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (8) /2018 /2.2.18 | 8 |
| 2008-09 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (9) /2018 /2.2.18 | 7 |
| 2009-10,2010-11 | കെ.എസ്.എ.കെ.ടി.എം.പി5-( അദാ -2018)/ 208 (10) / 2018 /2.2.18 | 17 |
| 2011-12,12-13 | കെ.എസ്.എ.കെ.ടി.എം.പി5/1560/11/2015/31.3.16 | |
| 2013-14 | എൽ.എഫ്.കെ.പി5-612/2015/3.2.16 | 16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം. പി5/790/17/21.12.17 | 12 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി5/789/17/01.01.18 | 19 |
| 2016-17 | കെ.എസ്.എ.കെ.ടി.എം.പി5/551/18/07.04.18 | 14 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെഎസ്എ.കെടിഎം.പി.5/78/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ : 0482564886
ഇ മെയിൽ : doktm.ksad@kerala.gov.in
തീയതി: 19.02.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം